**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 578** **11-11-2021 - ൽ മറുപടിയ്ക്ക്**

**കന്നുകാലി വളർത്തൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. രാജ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലിത്തീറ്റയുടെ ദൗർലഭ്യവും വിലയും കണക്കിലെടുത്ത് പൊതുമേഖലയിൽ കാലിത്തീറ്റ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാനും ന്യായവിലയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന്റെ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ, ഇടുക്കി ജില്ലയിലെ അരീക്കുഴ എന്നീ യൂണിറ്റുകളിലായി പ്രതിദിനം 1750 MT കാലിത്തീറ്റ ഉല്പാദിപ്പിച്ചു വരുന്നു. സഹകരണ പ്രസ്ഥാനമായ മിൽമയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും, ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടുമായി പ്രതിദിനം 300 MT ഉല്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ ഉണ്ട്. കേരള ഫീഡ്സ് പുതുതായി ആരംഭിച്ച 'ഫീഡ്സ് ഓൺ വീൽസ്' എന്ന പദ്ധതി കൂടി പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് കാലിത്തീറ്റ ദൗർലഭ്യമുള്ള സ്ഥലങ്ങളുണ്ടെങ്കിൽ ആ മേഖലകളിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയ്ക്കാണ് വിതരണം ചെയ്തു വരുന്നത്. സ്വകാര്യ മേഖലയിലെ കാലിത്തീറ്റ കമ്പനികളെ അപേക്ഷിച്ച് കേരളാ ഫീഡ്സിന്റെ ഉത്പന്നങ്ങൾക്ക് 60/- രൂപ മുതൽ 95/- രൂപ വരെ വിലക്കുറവുണ്ട്. മിൽമ വിപണനം നടത്തുന്ന കാലിത്തീറ്റയുടെ 70% സംഘങ്ങളിലൂടെയും 24% ഗവൺമെൻറ് സ്കീമുകളിലൂടെയും കർഷകരിലെത്തിച്ചേരുന്നു. ബാക്കിയുള്ളത് ഡീലർമാർ മുഖാന്തിരമാണ് വില്പന നടത്തുന്നത്. സഹകരണ പ്രസ്ഥാനമായ മിൽമ കാലിത്തീറ്റയുടെ വിപണിയിലെ വില പിടിച്ചു നിർത്തുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്. കാലിത്തീറ്റ നിർമ്മാണത്തിനാ- വശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത് എന്നതിനാൽ ഇവയുടെ വില നിയന്ത്രണം |

| | | | |
|---|---|---|---|
| | | | കമ്പനികൾക്ക് സാധ്യ മാകുന്നതല്ല. എന്നിരിക്കിലും അസംസ്കൃത വസ്തുക്കളുടെ വിലകൾ ഗണ്യമായി വർദ്ധിച്ചിരുന്ന സമയത്തും കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതെ നഷ്ടം സഹിച്ചും മിൽമ കർഷകന് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കിയിരുന്നു. |
| (ബി) | തീറ്റപ്പുൽകൃഷി പദ്ധതി പ്രകാരം 2020-21 -ൽ എത്ര ഹെക്ടർ തരിശു ഭൂമിയിൽ പുൽകൃഷി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന് എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | റീബിൽഡ് കേരള ഇൻഷ്യേറ്റീവ് മുഖേന livelihood support package പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21-ൽ വ്യക്തിഗത ഗുണഭോക്താക്കൾ വഴി 1265.4563 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് 3,64,75,005/- രൂപ വിനിയോഗിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ 442.76 ഹെക്ടർ തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി 5420.41 ലക്ഷം രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ചെലവഴിച്ചിട്ടുണ്ട്. നല്ലയിനം പച്ചപ്പുല്ല് കൃഷി ചെയ്യുന്നതിന് കഴിവുള്ള സംരംഭകരെ വളർത്തിയെ ടുക്കുന്നതിനും അവരിൽ നിന്നും തീറ്റപ്പുല്ല് സംഭരിച്ച് കർഷകർക്ക് ആവശ്യാനുസരണം നൽകുന്നതിനും വേണ്ട നടപടികൾ മിൽമയുടെ മലബാർ മേഖലായൂണിയൻ സ്വീകരിച്ചിട്ടുണ്ട്. 2020-21 കാലയളവിൽ മൊത്തം 2988 മെട്രിക് ടൺ തീറ്റപ്പുല്ല് ഈ പദ്ധതി പ്രകാരം കർഷകർക്ക് വിതരണം ചെയ്തു. എല്ലാ കർഷകർക്കും തീറ്റപ്പുല്ല് വാങ്ങാൻ 1 കിലോക്ക് 1.7 രൂപാ നിരക്കിൽ സബ്സിഡിയും മിൽമ നൽകിയിട്ടുണ്ട്. അഗ്രി ബിസിനസ് സംരംഭ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ 2020-21 സാമ്പത്തിക വർഷത്തിൽ 74.959 ഹെക്ടർ തരിശു ഭൂമിയിൽ പുൽകൃഷി ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംഘകൃഷി ഗ്രൂപ്പുകൾക്ക് 1,94,838/- രൂപ സബ്സിഡി തുകയായി അനുവദിച്ചിട്ടുണ്ട്. |
| (സി) | കന്നുകാലി വളർത്തൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന നിരവധി ഉത്പാദനക്ഷമവും പൊതുജനോ പകാരപ്രദവുമായ പദ്ധതികൾ ഉണ്ട്. തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽ കൃഷി, അസോള ടാങ്ക് നിർമ്മാണം, കമ്പോസ്റ്റ് സംവിധാനം മുതലായ വ്യക്തിഗത ആസ്തികൾ തൊഴിലുറപ്പ് പദ്ധതി മുഖേന അർഹരായ ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ